(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

അച്ചടി വകുപ്പിൽ സ്വീപ്പർ ഗ്രേഡ്-2 തസ്തികകളിൽ നിയമനം ലഭിച്ചവരുടെ വിശദാംശം

223 (6142) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം അച്ചടി വകുപ്പിൽ സ്വീപ്പർ ഗ്രേഡ്-2 തസ്തികകളിൽ എത്ര പേരെ നിയമിച്ചു ; അവരുടെ പേര് വിവരം വെളിപ്പെടുത്തുമോ ; ഇവർക്ക് ഏതെല്ലാം ഗവൺമെന്റ് പ്രസ്സുകളിലായിട്ടാണ് നിയമനം നൽകിയത് എന്ന് വിശദമാക്കുമോ ;

(ബി) ഇവർക്ക് നിയമനം നൽകിയത് ഏത് രീതിയിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത നിയമനരീതി തെറ്റാണെന്ന് കാണിച്ച് സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എന്നിട്ടും അവർക്ക് നിയമനം നൽകിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 പേരെ നിയമിച്ചു. അവരുടെ പേര് വിവരം, നിയമനം നൽകിയ കാര്യാലയം എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ഉദ്യോഗക്കയറ്റം മുഖേന.

(സി) ഉണ്ട്. പ്രസ്തുത നിർദ്ദേശം നൽകിയശേഷം അവർക്ക് നിയമനം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

അച്ചടി വകുപ്പിലെ ക്ലാർക്കുമാരുടെ നിയമനം

224 (6143) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ ഓഫീസ് മാനുവൽ അനുസരിച്ച് ക്ലാർക്ക് തസ്തികയിൽ അതാത് സീറ്റിൽ റൊട്ടേഷൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വർഷം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly